(എ) എം. പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, ഫ്ളഡ് ഫണ്ട് ഉൾപ്പെടെ ധാരാളം പ്രവൃത്തികൾ ബ്ലോക്കുകൾ വഴി നടപ്പാക്കുന്നതിനാൽ ബ്ലോക്കുകളിലെ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ തസ്തികകൾ നിലനിർത്തുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന എഞ്ചിനീയറിംഗ് ജോലികൾ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്നത് പ്രായോഗികമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രവൃത്തികളും അതാത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനയും ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ പ്രവൃത്തികളും അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയും ജില്ലാ പഞ്ചായത്തിലെ പ്രവൃത്തികൾ അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയും നടത്തണമെന്നുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് എഞ്ചിനീയറിംഗ് വിഭാഗത്തെ ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 4-6-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 97/09 തസ്വഭവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പി.എം.ജി.എസ്.വൈ. പദ്ധതികളുടെ മേൽനോട്ടത്തിനായി അക്രഡിറ്റഡ് എഞ്ചിനീയറെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ എം.പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, ഫ്ളഡ് ഫണ്ട് ഉൾപ്പെടെയുള്ള എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിലൂടെ സമയബന്ധിതമായി ഇപ്രകാരം പൂർത്തിയാക്കാവുന്നതാണ്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഓരോ ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് ഓവർസീയർമാർ തുടർന്നും ഉണ്ടാകുന്നതാണ്.

(ബി) ഇല്ല.

## തദ്ദേശഭരണ സമിതികളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ്

96 [1388] ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സമിതികളിലേക്കുള്ള അടുത്ത പൊതുതെരഞ്ഞെടുപ്പ് നടത്തേണ്ടതെന്നാണ്;

(ബി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണമായോ ഭാഗികമായോ മുൻസിപ്പാലിറ്റികളോട് ചേർക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 2010 സെപ്റ്റംബറിൽ.

(ബി) ചില ഗ്രാമപഞ്ചായത്തുകളെ പൂർണ്ണമായി മുൻസിപ്പാലിറ്റികളോട് ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

2/7/11— 9 (a)

LIBRARY ARCHIVES Kerala Legislative Assembly